"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും പരിശീലനത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാനും - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1400/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/07/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീയതി 14.02.2018

2 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 10.01.2020-ലെ കെ.ബി.7569/2019/കെ.5 നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.9

**<u>ഉത്തരവ്</u>**

പരാമർശം (1) മാർഗ്ഗരേഖ ഖണ്ഡിക 6.4 പ്രകാരം ഖാദി ഗ്രാമ വ്യവസായകമ്മീഷനും ഖാദി ഗ്രാമ വ്യവസായ ബോർഡും നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്കും അവയുടെ സ്വന്തം സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉൽപ്പന്നങ്ങളുടെയും ഖാദി ഉൽപന്നങ്ങളുടെയും സംയുക്ത വിപണന ശാലകൾ നിർമ്മിക്കുന്നതിനും അതിന്റെ ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ തറിയും മറ്റ് നെയ്ത്തുപകരണങ്ങളും വാങ്ങി നൽകുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് തുക വകയിരുത്താൻ വ്യവസ്ഥയുണ്ട്.

2. ഇപ്രകാരമുള്ള വ്യവസ്ഥ പരിഷ്ക്കരിച്ച്, ഖാദി സ്ഥാപനങ്ങളുടെയും അവർക്ക് വിട്ടുകിട്ടിയിട്ടുള്ള സ്ഥലത്ത് ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അനുമതി നൽകണമെന്നും കൂടാതെ ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും പരിശീലനത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്വന്തം സ്ഥലത്തോ മറ്റ് സർക്കാർ ഏജൻസികൾ വിട്ടു നൽകുന്ന സ്ഥലത്തോ നടത്തുന്ന പദ്ധതികൾക്ക് 100 ശതമാനം സബ്സിഡിയും മറ്റു സ്ഥാപനങ്ങൾക്ക്/ സംഘങ്ങൾക്ക് ഇപ്പോഴത്തെ മാർഗ്ഗരേഖ പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും തുടർന്ന് നൽകാനും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത്

നിലവിലുള്ളതുമായ യൂണിറ്റുകൾക്ക് ,ഖാദി ഗ്രാമ വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. മറ്റു സ്ഥാപനങ്ങൾക്ക്/ സംഘങ്ങൾക്ക് ഇപ്പോഴത്തെ മാർഗ്ഗരേഖ പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും തുടർന്നും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
മെമ്പർ സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.08.03 11:48:19 IST
Reason: Approved
സെക്ഷൻ ഓഫീസർ